ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പും ദേവസ്വം ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന 'ദേവാരണ്യ പദ്ധതി' വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എത്ര ഹെക്ടർ ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചിട്ടുണ്ട്;

(സി) 1998-99 ൽ എത്ര ഹെക്ടർ സ്ഥലത്ത് മരം വച്ചുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു; അതിന് എത്ര ഹെക്ടർ സ്ഥലത്ത് മരം വച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) 1999-2000 വർഷത്തേയ്ക്ക് ഈ പദ്ധതിക്കുവേണ്ടി എന്തുതുക നീക്കിവച്ചിട്ടുണ്ട്;

(എഫ്) കൂടുതൽ സ്ഥലത്ത് പ്രസ്തുത പദ്ധതിപ്രകാരം മരങ്ങൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'ദേവാരണ്യം പദ്ധതി' വിപുലീകരിക്കാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി)&(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള ഭൂമിയിൽ ക്ഷേത്ര ആവശ്യങ്ങൾക്കുള്ള സ്ഥലവും കുളങ്ങളുടെ കരയും ഒഴികെയുള്ള സ്ഥലങ്ങളിൽ സസ്യങ്ങളും വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് ദേവാരണ്യം പദ്ധതി. പദ്ധതി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മരങ്ങൾ വച്ചുപിടിപ്പിച്ച ഭൂമിയുടെ കണക്ക് ശേഖരിച്ചു വരുന്നതേയുള്ളൂ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) രണ്ടു ലക്ഷം രൂപയോളം ചെലവായിട്ടുണ്ട് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ദേവസ്വം ബോർഡിന്റെ 1999-2000 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 3 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

49 (1012) വനംവകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷനുകളുടെ ഉൽപ്പാദനക്ഷമത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. സി.കെ.. രാജേന്ദ്രൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വനം വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷനുക ളുടെ ഉൽപ്പാദന ക്ഷമതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്ലാന്റേഷനുകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കേ ണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) വനംവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നഴ്സറികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കൂടുതലായി നഴ്സറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരുതുന്നുണ്ട്.

(സി) തോട്ടങ്ങളുടെ ഉല്പാദനക്ഷമത നടീൽവസ്തുക്കളുടെ ഗുണ ത്തിലും ജനിതക ഘടനയിലും സ്ഥിതിചെയ്യുന്നു എന്നതിന്റെ അടിസ്ഥാന ത്തിൽ മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കാനും ജനിതക ഘടന മെച്ചപ്പെടുത്താനും, തിരഞ്ഞെടുത്ത മുന്തിയ ഇനം വിത്തുകളുപയോഗി ക്കാനും വിശിഷ്ടമായ മരങ്ങളുടെ ക്ലോണുകൾ വികസിപ്പിച്ചെടുക്കാനും നട പടി സ്വീകരിച്ചുവരുന്നു.

(ഡി) കുളത്തൂപ്പുഴ (കൊല്ലം സർക്കിൾ), നിലമ്പൂർ (ഒലവക്കോട് സർക്കിൾ), ചെട്ടിക്കുളം (സെൻട്രൽ സർക്കിൾ), ചെറിവഞ്ചേരി (കോഴിക്കോട് സർക്കിൾ) എന്നിവിടങ്ങളിൽ.

(ഇ) രണ്ട് നഴ്സറികൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. സ്ഥലം തെരഞ്ഞെടുക്കുന്നതിന്റെ അന്തിമ തീരുമാനം ആയിട്ടില്ല.

50 (1013) അനധികൃത മരംവെട്ട് തടയാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മരംവെട്ട് തടയാൻ വനം വകുപ്പിൽ ആവശ്യ മായ ജീവനക്കാർ ഉണ്ടോ;

(ബി) അനധികൃത മരംവെട്ട് തടയുന്നതിനാവശ്യമായ വാഹനങ്ങളും ആയുധങ്ങളും ഫോറസ്റ്റ് ജീവനക്കാർക്ക് നൽകുന്നുണ്ടോ;

(സി) അനധികൃത മരംവെട്ട് ഫലപ്രദമായി തടയുന്നതിന് പുതിയ വല്ല നയവും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ജീവനക്കാരുടെ കുറവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly